**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** **14-09-2023 - ൽ മറുപടിയ്ക്ക്**

**കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി മേഖലയുടെ വികസനത്തിനും പ്രോത്സാഹനത്തിനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിലവസരവും ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | കൈത്തറി മേഖലയുടെ വികസനത്തിനും പ്രോത്സാഹനത്തിനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം സർക്കാർ, എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന എത്ര വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകിവരുന്നുണ്ടെന്നും പ്രസ്തുത ആവശ്യങ്ങൾക്കായി എത്ര മീറ്റർ കൈത്തറി തുണി ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം അറിയിക്കാമോ; | (ബി) | 2023-24 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ ഒന്ന് മുതൽ ഏഴാം ക്ലാസ് വരെയുള്ള സർക്കാർ സ്കൂളുകളിലെയും ഒന്ന് മുതൽ നാലാം ക്ലാസ് വരെയുള്ള എയ്ഡഡ് സ്കൂളു കളിലെയും കുട്ടികൾ ഉൾപ്പെടെ ആകെ 9.33 ലക്ഷം കുട്ടികൾക്കായി രണ്ടു ജോഡി വീതം 41.65 ലക്ഷം മീറ്റർ യൂണിഫോം തുണി ഒന്നാം ഘട്ടമായി വിതരണം ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | കൈത്തറി വകുപ്പിന് നിലവിൽ എത്ര മീറ്റർ തുണിയുടെ ഓർഡർ ലഭിക്കുന്നുണ്ടെന്നും യൂണിഫോം പദ്ധതിയിൽ ലഭ്യമായ ഓർഡർ പ്രകാരം എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും വിശദമാക്കാമോ; | (സി) | 41.23 ലക്ഷം മീറ്റർ യൂണിഫോം തുണിയുടെ ഓർഡർ ആണ് ഒന്നാംഘട്ട വിതരണത്തിനായി പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായിട്ടുള്ളത്. നടപ്പ അധ്യയന വർഷത്തേക്കുള്ള യൂണിഫോം തുണിയുടെ നിർമ്മാണത്തിനായി 6222 നെയ്ത്തു തൊഴിലാളികളും ഏകദേശം 1600 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചു. കൂടാതെ, കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികളും ഹാന്റക്സ്, ഹാൻവീവ്, ഐ.ഐ.എച്ച്.ടി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരും പദ്ധതിയുടെ ഭാഗമായി പ്രവർ ത്തിച്ചു വരുന്നു. |
| (ഡി) | ഓരോ തൊഴിലാളിക്കും ലഭിക്കുന്ന വേതനത്തിന്റെ പരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൈത്തറി | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 19/12/2019 തീയതിയിലെ സ.ഉ(സാധാ)നമ്പർ 1278/2019/വ്യവ പ്രകാരം പരിഷ്കരിച്ച മിനിമം കൂലി സൗജന്യ സ്കൂൾ യൂണിഫോം |

| | | | |
|---|---|---|---|
| | മേഖലയിൽ കൂടുതൽ ഓർഡർ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | പദ്ധതിയിൽ കൂടി ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, നെയ്ത്തുകാർക്കുള്ള ഉൽപാദന പ്രചോദന പദ്ധതി പ്രകാരം 5 മീറ്ററിൽ അധികം നെയ്യുന്നവർക്ക് പ്രതിമാസം പരമാവധി 4,000/- രൂപ വരെ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## I) കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും പദ്ധതി

കൈത്തറി മേഖലയുടെ വികസനത്തിനും പ്രോത്സാഹനത്തിനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി 'കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവൽകരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും പദ്ധതി' നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ 7 ഘടകങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നു.

1) വർക്ക് ഷെഡ് നവീകരണം
2) വ്യക്തിഗത വർക്ക് ഷെഡ് നവീകരണം
3) ഡൈ ഹൗസ് റിപ്പയറിംഗ്
4) ഒരു വീട്ടിൽ ഒരു തറി
5) സാങ്കേതിക മേന്മ വർദ്ധിപ്പിക്കുന്നതിനും നെയ്ത്തുകാർക്ക് പുതിയ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിനുമുള്ള പദ്ധതി
6) തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും തറികളുടെ ഭാഗിക അറ്റകുറ്റപ്പണികൾക്കുമുള്ള ധനസഹായം.
7) വനിതാ നെയ്ത്തുകാർക്ക് റെസ്റ്റ് റൂം/സ്റ്റോറേജ് നിർമ്മാണവും ടോയ്‌ലറ്റ് നവീകരണവും.

## II) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

### 1) കഴിനൂൽ സബ്സിഡി

നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുവായ നൂൽ ഹാന്റക്സ്, ഹാൻവീവ് മറ്റ് സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി ന്യായമായ വിലയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്.

### 2) ചായം, രാസവസ്തുക്കൾ എന്നിവയ്ക്കുള്ള സബ്സിഡി

കൈത്തറി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളായ ചായം, രാസപദാർത്ഥങ്ങൾ എന്നിവ ഹാന്റക്സ്, ഹാൻവീവ് മറ്റ് സഹകരണ യാൺബാങ്കുകൾ എന്നിവ വഴി ന്യായമായ വിലയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ്. ചായങ്ങളും രാസവസ്തുക്കളും വാങ്ങിയ വിലയുടെ 10% ആണ് സബ്സിഡിയായി അനുവദിക്കുന്നത്.

### 3) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണിത്. ഹാന്റക്സ്, ഹാൻവീവ് മറ്റ് യാൺ ബാങ്കുകൾക്ക്, നൂൽ/മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങി പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിന് പ്രവർത്തന മൂലധനമായാണ് മാർജിൻ മണി ലോൺ അനുവദിക്കുന്നത്.

### III) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. നിലവിൽ 6222 നെയ്ത്തുകാരും, ഏകദേശം 1600 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും, അധിക വരുമാനവും ലഭ്യമാക്കുവാൻ ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. പദ്ധതിയുടെ ആരംഭഘട്ടം മുതൽ ഇതുവരെ 317.49 കോടി രൂപ നെയ്ത്ത് കൂലിയായി വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കിയതിലൂടെ കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

### IV) യുവവീവ് പദ്ധതി

കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽ രഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി പരിശീലനം നൽകുന്നു. കൂടാതെ, 6 മാസ പരിശീലന കാലയളവിൽ ആദ്യ 3 മാസം പ്രതിദിനം 200 രൂപയും തുടർന്നുള്ള 3 മാസം 125 രൂപയും സ്റ്റൈപന്റായി നൽകുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു.

### V) അംശദാന മിതവ്യയ ഫണ്ട്

കൈത്തറി തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും പ്രോത്സാഹനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്. കൈത്തറി ക്ഷേമനിധി ബോർഡിന്റെ കീഴിൽ വരുന്ന നെയ്ത്തുകാർ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആയിരിക്കും. അംഗങ്ങളുടെ വരുമാനത്തിൽ നിന്നുള്ള നിശ്ചിത വിഹിതവും സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്താണ് ഫണ്ട് തുക സമാഹരിക്കുന്നത്.

## VI) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി (പ്രൊഡക്ഷൻ ഇൻസെൻറീവ് സ്കീം)

ജോലിയുടെ ശാസ്ത്രീയമായ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കിയും, വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലും, അംഗീകൃത മാർഗ്ഗ നിർദ്ദേശപ്രകാരവും നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രോത്സാഹനം നൽകി ഉല്പാദനക്ഷമത മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## VII) ഇൻകം സപ്പോർട്ട് സ്കീം

ഒരു ദിവസം 75 രൂപയ്ക്കും, 100 രൂപയ്ക്കും ഇടയിൽ വരുമാനം ലഭിക്കുന്ന നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ദിവസ വേതനം 150 രൂപയായി നൽകുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇൻകം സപ്പോർട്ട് സ്കീം. ഒരു വർഷം 100 ദിവസങ്ങളിലേക്കാണ് ഈ പദ്ധതി ആനുകൂല്യം ലഭിക്കുക.

## VIII) ഹാന്റ്ലൂം മാർക്ക്

കൈത്തറിമേഖലയുടെ വികസനത്തിനും പ്രോത്സാഹനത്തിനുമായി ഹാന്റ്ലൂം മാർക്ക് പദ്ധതി നടപ്പിലാക്കി വരുന്നു. ഉപഭോക്താവിന്റെ ഗുണനിലവാര ആവശ്യം നിറവേറ്റുന്ന കൈത്തറി ഉൽപന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിനുള്ള ഒരു ഉപാധിയാണ് ഹാന്റ്ലൂം മാർക്ക്. ഈ പദ്ധതി പ്രകാരം നെയ്ത്തുകാർക്ക് ഹാന്റ്ലൂം മാർക്ക് ലേബൽ വാങ്ങിയ തുകയുടെ 75% തുക റീ ഇംബേഴ്സ് ചെയ്ത് നൽകുന്നു.

## IX) എക്സിബിഷൻ ഗ്രാന്റ്

കേരളത്തിലെ പരമ്പരാഗത നെയ്ത്ത് സംഘങ്ങൾക്ക് (ഹാന്റക്സ് , ഹാൻവീവ് എന്നിവ ഉൾപ്പെടെ) കേരളത്തിന് അകത്തോ പുറത്തോ ഉള്ള കൈത്തറി വിപണന മേളകളിൽ പങ്കെടുത്ത് സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഗ്രാന്റ് അനുവദിച്ച് നൽകുന്ന ഒരു പദ്ധതിയാണിത്. കൈത്തറി സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## X) കയറ്റുമതി പ്രോത്സാഹനപദ്ധതി

കൈത്തറി ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവർക്ക് അവരുടെ സ്ഥാപനം കയറ്റുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ വിലയുടെ 20%, പരമാവധി 20 ലക്ഷം രൂപ വരെ പ്രതിവർഷം സബ്സിഡിയായി നൽകുന്ന ഒരു പദ്ധതിയാണിത്.

### XI) മികച്ച നെയ്ത്തുകാർക്കും സംഘങ്ങൾക്കുമുള്ള അവാർഡ്

നെയ്ത്തുകാരുടെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ നെയ്ത്തുകാരെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കുന്നതിനും മികച്ച നെയ്ത്ത് തൊഴിലാളികൾക്കും സംഘങ്ങൾക്കും അവാർഡ് നൽകിവരുന്നു.

### XII) സർക്കാർ ഓഹരി പങ്കാളിത്തം

കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ നെറ്റ് ഡിസ്പോസിബിൾ വിഭവസ്ഥിതി ഉയർത്തുന്നതിനും പ്രവർത്തനത്തിനായുള്ള ആസ്തി സൃഷ്ടിക്കുന്നതിനും അടിയന്തര പ്രവർത്തന മൂലധനം അനുവദിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്.

### XIII) റിബേറ്റ്

സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകി വരുന്നുണ്ട്. (വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിൽ 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്). ഉത്സവകാലയളവിൽ കൈത്തറി ഉൽപ്പന്നങ്ങൾക്കായി ജില്ലാ-സംസ്ഥാനതല എക്സിബിഷനുകൾ റിബേറ്റോടു കൂടി സംഘടിപ്പിച്ച് വരുന്നു. ഇതുവഴി വിപണന സാധ്യത കൂട്ടുന്നതിനും അങ്ങനെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപന ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

കൂടാതെ, കേന്ദ്ര സർക്കാരിൻറെ നാഷണൽ ഹാന്റ്ലൂം ഡെവലപ്പ്മെന്റ് പ്രോഗാം (എൻ.എച്ച്.ഡി.പി) പദ്ധതി പ്രകാരമുള്ള ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം വഴി കൈത്തറി സഹകരണ സംഘങ്ങൾക്ക് / തൊഴിലാളികൾക്ക് പണിശാലകൾ നിർമ്മിക്കുന്നതിനും പണിശാലകളിൽ സോളാർ ലൈറ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും, ഉൽപന്ന വികസനത്തിനായും തറി/ തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ